ശ്രീ. ഈ. പി. പൗലോസു്: അതിനുവേണ്ടി രണ്ടുമൂന്നു ലക്ഷം രൂപയാണു് ചെലവുചെയ്തിട്ടുള്ളതു്. അവിടെ ഒരു സ്പെഷ്യൽ ഡിവിഷനും, അതിനുവേണ്ട സ്റ്റാഫും ഉണ്ടായിരുന്നു. സാമ്പത്തികമായ കുഴപ്പം നിമിത്തം സ്പെഷ്യൽ സ്റ്റാഫിനെ പിൻവലിച്ചിട്ടുണ്ടു്. കൂടുതൽ സ്റ്റാഫിനെ വെറുതെ ശമ്പളംകൊടുത്തു അവിടെ വയ്ക്കേണ്ടതില്ലെന്നു കരുതിയിട്ടാണു പിൻവലിച്ചതു്. മുപ്പതു ലക്ഷം രൂപാ വേണ്ടിവരും ആ പദ്ധതി പൂർത്തിയാക്കാൻ. കൂടുതൽ പണം ചെലവുചെയ്തു ഇനി അതു തുടർന്നുനടത്താൻ തൽക്കാലം സാധിക്കാത്തതു നിമിത്തമാണു് സ്റ്റാഫിനെ പിൻവലിച്ചതു്.

മൈനർ ഇറിഗേഷൻ പദ്ധതികളിൽ അധികവും ഡി. ഡി. സി. കളുടെ ശുപാർശ പ്രകാരം പണി നടത്തുകയാണു്. അവരുടെ ശുപാർശയ്ക്കു വിപരീതമായി ഗവണ്മെൻറു ഒന്നും ചെയ്യുന്നില്ല. ഡി. ഡി. സി. യുടെ മുൻഗണനാലിസ്റ്റനുസരിച്ചാണു് പണികൾ നടത്തുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: തൃശ്ശൂർ ഡിസ്ട്രിക്ടിൽ കളക്ടർ ആക്ടുചുലായി വെള്ളം കൊടുക്കാൻ സാധിക്കുന്നവനിൽനിന്നാണോ നികുതി ഈടാക്കുന്നതു് ?

ശ്രീ. ഈ. പി. പൗലോസു്: അതിനെ സംബന്ധിച്ചിടത്തോളം തഹശീൽദാർ, 700 കേസുകൾ അന്വേഷിച്ചു കഴിഞ്ഞു. ഏകദേശം ഇരുന്നൂറു കേസുകളെ സംബന്ധിച്ചിടത്തോളം തീരുമാനം ചെയ്തുകൊടുത്തിട്ടുണ്ടു്. ബാക്കിയുള്ള കേസുകൾ അന്വേഷണത്തിൽ ഇരിക്കുകയാണു്. ഏകദേശം പതിനായിരത്തിലധികം ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ടു്. അതിൽ എഴുന്നൂറെണ്ണം അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

The question that a supplementary sum not exceeding Rs. 31,25,100 be granted under Demand XXXII—Irrigation, was put and carried.

The grant was made.

The question that a supplementary sum not exceeding Rs. 28,39,400 be granted under Demand XLVI—Capital Outlay on Irrigation, was put and carried.

The grant was made.

DEMAND XXXVI—FAMINE

Mr. Speaker: Chief Minister can move Demand XXXVI—Famine.

Chief Minister (**Shri R. Sanker**): I move that Government be granted a sum of Rs. 1,00,000 under Demand XXXVI—Famine

Shri George Joseph Podippara: I second it.

ശ്രീ. എസ്. കുമാരൻ: സർ, ഈ ഡിമാൻറിനെ ഞാൻ എതിർക്കുന്നു. ഇതിൽ ഒരു ലക്ഷം രൂപയുടെ തുകയാണു് കൊള്ളിച്ചിരിക്കുന്നതു്. ഈ തുക നമ്മുടെ സ്ഥാനത്തെസംബന്ധിച്ചിടത്തോളം വളരെ തുച്ഛമാണെന്നുള്ളതിനു സംശയമില്ല. ഈ അവസരത്തിൽ എനിക്കു ചൂണ്ടിക്കാണിക്കാനുള്ളതു്, അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലെ ക്ഷാമവും ദുരിതവും ഈ രാജ്യത്തിൻറെ സജീവ ശ്രദ്ധയിൽപെട്ടിട്ടുള്ള ഒരു സംഭവമാണെന്നാണു്. കഴിഞ്ഞ ബഡ്ജറ്റു സമ്മേളനത്തിലും, അതുപോലെ പിന്നീടു പല സമ്മേളനങ്ങളിലും, അമ്പലപ്പുഴ ചേർത്തല താലൂക്കുകളിൽ ബാധിച്ചിട്ടുള്ള തൊഴിലില്ലായ്മയെപ്പറ്റിയും, ദുരിതങ്ങളെപ്പറ്റിയും ശബ്ദം ഉയർന്നിട്ടുള്ളതാണു്. ഈ പ്രശ്നത്തിൻറെ ഗൗരവം മനസ്സിലാക്കി, ബഹുമാനപ്പെട്ട മിനിസ്റ്റർ ഒരു ഹൈ ലവൽ കാൺഫറൻസു് വിളിച്ചുകൂട്ടുകയുണ്ടായി. ആ കാൺഫറൻസിൽവച്ചു് ഡിപ്പാർട്ടുമെൻറു മേധാവികളും, മറ്റു ബന്ധപ്പെട്ടവരും ഈ പ്രശ്നത്തിൻറെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എസ്സ്. കുമാരൻ]

യാഥാർത്ഥ്യം മനസ്സിലാക്കി, അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലെ കയർ വ്യവസായത്തിനു നേരിട്ടിട്ടുള്ള അധഃപതനംമൂലം അവിടത്തെ ജനങ്ങളും അനുവേക്കുന്ന ദുരിതങ്ങൾക്കു് ആശ്വാസം ഉണ്ടാക്കാൻ, അതു സംബന്ധിച്ചു വിവരങ്ങൾ പഠിക്കുന്നതിനും റിപ്പോർട്ടു സമർപ്പിക്കുന്നതിനും മുന്നു കമ്മിറ്റി കളും രൂപവൽക്കരിക്കുകയുണ്ടായി. അങ്ങനെ കമ്മിറ്റികളും രൂപവൽക്കരിച്ചെങ്കിലും ആ കാൺഫറൻസിൽവച്ചു് കയർവ്യവസായ മുതലാളിമാർ നൽകിയ ഉറപ്പും, ഗവണ്മെൻറു ഈ നിയമസഭയിൽതന്നെ നൽകിയ വാഗ്ദാനവും പിന്നീടു് പാലിച്ചില്ലെന്നല്ല, പലതും ലംഘിക്കുകയും, അവഗണിക്കുകയുമാണു് ചെയ്തിട്ടുള്ളതു്. ഇരുപത്തയ്യായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന കയർ വ്യവസായത്തകർച്ചമൂലം തൊഴിലില്ലായ്മയും മറ്റു കഷ്ടതകളും അനുഭവിച്ചുകൊണ്ടു് തീരപ്രദേശങ്ങൾ എല്ലാംതന്നെ ക്ഷാമബാധിത പ്രദേശങ്ങളായി ദിനംദിനം മാറിക്കൊണ്ടിരിക്കുകയാണു്. തൊഴിലില്ലായ്മ മാത്രമല്ല, പത്തുകോടി നാല്പത്തഞ്ചു ലക്ഷം രൂപയുടെ വിദേശനാണ്യം സമ്പാദിച്ചു തന്നിരുന്ന കേരളത്തിന്റെ ഒരു കുത്തക വ്യവസായമായ കയർ വ്യവസായം ദിനംദിനം അധഃപതിച്ചു ക്ഷയോന്മുഖമായിത്തീർന്നതിനു് ഒരു മാപ്പു സാക്ഷിയായി ഈ ഗവണ്മെൻറു പരിണമിച്ചിരിക്കുകയാണു്. കയർ വ്യവസായം ഈ സംസ്ഥാനത്തെ ഒരു പ്രധാന വ്യവസായമാണെന്നുള്ളതിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. ഈ രാജ്യത്തെയും, ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെയും കൂട്ടമായി ബാധിച്ചിരിക്കുന്ന ഈ വ്യവസായത്തകർച്ചയ്ക്കു പരിഹാരം കാണേണ്ടതു് ഗവണ്മെൻറിന്റെ ഒരു ബാദ്ധ്യതയാണു്. ആ ബാദ്ധ്യത നിറവേറ്റാതെ അതിനെ പുറംകണ്ണുകൊണ്ടു കാണുകമാത്രം ചെയ്യുന്ന ഒരു നയമാണു് ഇന്നു ഗവണ്മെൻറു സ്വീകരിച്ചിരിക്കുന്നതു്. ഈ വ്യവസായത്തിന്റെ അധപ്പതനത്തിനും, ക്ഷയത്തിനും കാരണം ഗൗരവബോധത്തോടുകൂടി പരിശോധിച്ചു് പരിഹാരം കാണാൻ ഈ ഗവണ്മെൻറു വേണ്ടത്ര ശ്രദ്ധ കാണിച്ചിട്ടില്ല. അതിന്റെ ഫലമായി ഈ വ്യവസായത്തിനുണ്ടായിരുന്ന വിദേശമാർക്കറ്റു ദിനംദിനം നശിച്ചുവരികയാണു്. വിദേശനാണ്യം സമ്പാദിക്കുന്ന നമ്മുടെ ഒരു കുത്തകവ്യവസായമായ കയർവ്യവസായം 25,000 തൊഴിലാളികൾക്കു തൊഴിൽകുഴപ്പവും, അത്രയും കുടുംബങ്ങൾക്കു് നിത്യദാരിദ്ര്യവും വളർത്തിക്കൊണ്ടു ദയനീയമായ ഒരവസ്ഥയിലേക്കു് നീങ്ങിക്കൊണ്ടിരിക്കുകയാണു്. അതാണു് സർ, നാട്ടിന്റെ ഇന്നത്തെ ചിത്രം. ഇതിനു പരിഹാരം ഉണ്ടാക്കാൻ ഈ വ്യവസായം പുനഃസംഘടിപ്പിക്കുന്നതിനു് ഒരു കമ്മിറ്റിയെ രൂപവൽക്കരിച്ചു. ആ കമ്മിറ്റി ഫലപ്രദമായിക്കൂടി, റിപ്പോർട്ടും സമർപ്പിച്ചു. എന്നാൽ ആ റിപ്പോർട്ടിന്മേൽ ഗവണ്മെൻറു ആവശ്യമായ നടപടി എടുത്തിട്ടില്ല. ഇത്രയും കാലത്തിനകം അതിന്റെ പ്രവർത്തനം പുരോഗമിച്ചിട്ടുണ്ടോ, ഏതു നിലയിൽ ഇരിക്കുന്നു എന്നു് ഈ നാട്ടിലെ ജനങ്ങളെയോ, ഈ സഭയെയോ അറിയിച്ചിട്ടില്ല.

രണ്ടാമതായി ഈ തൊഴിൽകുഴപ്പം ശാശ്വതമായി പരിഹരിക്കണമെങ്കിൽ പുതിയ വ്യവസായങ്ങൾ ആരംഭിച്ചാൽ മാത്രമേ സാധിക്കുകയുള്ളു എന്നു ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടു്. ആ കാൺഫറൻസിൽ, പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനെ സംബന്ധിച്ചിടത്തോളം എന്തെല്ലാം സാധ്യതകൾ ഉണ്ടെന്നു പരിശോധിക്കാൻ സാങ്കേതിക വിദഗ്ധന്മാരുടെ ഒരു കമ്മിറ്റിയെ രൂപവൽക്കരിച്ചു. ആ കമ്മിറ്റി പുതിയ വ്യവസായ സാധ്യതകളും, സാങ്കേതികമായ മറ്റു വശങ്ങളും പരിശോധിച്ചു് ഒരു റിപ്പോർട്ടു ഗവണ്മെൻറിലേക്കു സമർപ്പിക്കുകയുണ്ടായി. ആ റിപ്പോർട്ടു ഇന്നും ഗവണ്മെൻറിന്റെ ഫയലിൽ കിടക്കുന്നതല്ലാതെ, ഫലപ്രദമായ എന്തെങ്കിലും നടപടി അതിന്മേൽ എടുത്തിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ നാട്ടിന്റെയും, ജനങ്ങളുടെയും ദുരിതങ്ങൾക്കു് ആശ്വാസം കാണാനുള്ള ഈ പ്രശ്നത്തിൽ അർഹിക്കുന്ന ഗൗരവം ഗവണ്മെൻറു പ്രദർശിപ്പിച്ചിട്ടില്ല.

മറ്റൊന്നു്, തൊഴിലില്ലായ്മമൂലം കഷ്ടപ്പെടുന്ന ആ പ്രദേശങ്ങളിലെ തൊഴിലാളികൾക്കു താൽക്കാലികമായ ഒരു റിലീഫു് നൽകുന്നതിനുവേണ്ടി ഗവണ്മെൻറു ചെയ്ത നടപടികളെപ്പറ്റിയാണു് പറയാനുള്ളതു്. ഒരു റിലീഫു്

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റിയുടെ പ്രവർത്തനത്തെ സംബന്ധിച്ചു എന്റെ ഒരു ചോദ്യത്തിനുത്തരമായി ഗവണ്മെന്റു നൽകിയ വിവരങ്ങളിൽ നിന്നു ഞാൻ മനസ്സിലാക്കുന്നതു്, വേണ്ടിടത്തോളം ഗൗരവപൂർവ്വം ഈ പ്രശ്നം കൈകാര്യം ചെയ്തിട്ടില്ല, അങ്ങേയറ്റം അവഗണനയോടു കൂടിയാണു് ഉദ്യോഗസ്ഥന്മാർ ധിക്കാരപൂർവ്വം ഈ പ്രശ്നം കൈകാര്യംചെയ്തിട്ടുള്ളതു് എന്നാണു്. കഴിഞ്ഞ രണ്ടു വർഷക്കാലമായി റിലീഫു് പ്രവർത്തനങ്ങൾക്കായി ഒന്നോ രണ്ടോ ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതായി കാണുന്നു. എന്റെ ഓർമ്മയും അറിവും ശരിയാണെങ്കിൽ, കേന്ദ്ര ഗവണ്മെന്റു പ്ലാനിംഗു് ബോർഡിന്റേതായി 75 ലക്ഷം രൂപയോളം ഇത്തരം റിലീഫു് പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരുന്നു. അങ്ങനെ ലക്ഷക്കണക്കിനു രൂപ കേന്ദ്ര ഗവണ്മെന്റും, സംസ്ഥാന ഗവണ്മെന്റും അനുവദിച്ചെങ്കിലും, അടിയന്തിരമായ ദുരിതാശ്വാസ നടപടികളും സ്വീകരിക്കണമെന്നു് നിരന്തരമായ ശുപാർശയുണ്ടായിരുന്നിട്ടും, താൽക്കാലികമായ ആശ്വാസം കാര്യമായിട്ടൊന്നുംതന്നെ ചെയ്തിട്ടില്ല എന്നു കാണുന്നതു ഖേദകരമാണു്. ഒരു റിപ്പോർട്ടിൽ നിന്നു കാണാൻ കഴിഞ്ഞു, ഓണക്കാലത്തു് കുറെ വീടുകളിൽ നാഴി അരിവീതം കൊടുത്തു എന്നു്. കളക്ടറും, ജനപ്രതിനിധികളും അടങ്ങിയ റിലീഫു് കമ്മിറ്റിയുടെ പ്രവർത്തനം ഇത്രമാത്രം പരാജയപ്പെടാൻ ഇടയായതു് പരിതാപകരമാണു്. റിലീഫു് പ്രവർത്തനങ്ങളുടെ ഒരു ഭാഗമായി അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിൽ പണി തുടങ്ങാൻ നിശ്ചയിച്ചിരുന്ന ഒരു റോഡിന്റെ പണി ആരംഭിക്കാത്തതിന്റെ കാരണം ചോദിച്ചപ്പോൾ മന്ത്രി മറുപടി പറഞ്ഞതു്, അതിന്റെ പണിക്കു് ഗവണ്മെന്റു സാങ്ഷൻ കിട്ടിയിട്ടില്ലെന്നാണു്. ഒരുകൊല്ലമായി തൊഴിലില്ലായ്മമൂലം ഉണ്ടായ ക്ഷാമത്തിനു പരിഹാരം കാണാൻ, അവർക്കു അടിയന്തിരാശ്വാസം നൽകാൻ ഗവണ്മെന്റു നിയോഗിച്ച ഒരു കമ്മിറ്റി ശുപാർശചെയ്ത ഒരു വർക്കിനു് ഗവണ്മെന്റു സാങ്ഷൻ കിട്ടാത്തതുമൂലം പണി ആരംഭിച്ചില്ല എന്ന മറുപടി പറയാൻ ഇടയായ ഗവണ്മെൻറിന്റെ ഗതികേടു് എത്ര ഗുരുതരമാണെന്നു നാം ആലോചിക്കണം. അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിൽ ഇന്നു ലക്ഷക്കണക്കിനു് തൊഴിലാളികളും, കച്ചവടക്കാരും തൊഴിലില്ലായ്മമൂലം നിരന്തരമായ ക്ഷാമത്തിനു വിധേയരായിരിക്കുമ്പോൾ, ഗവണ്മെന്റു ഇത്തരം കുറ്റകരമായ അനാസ്ഥ കാണിക്കുന്നതു് ഏറ്റവും ഗൗരവത്തോടുകൂടി പരിഗണിക്കണമെന്നു ഈ സഭയെ ഞാൻ ഓർമ്മിപ്പിക്കുകയാണു്

സർ, എനിക്കു പറയാനുള്ളതു് ഈ മൂന്നു കമ്മിറ്റികളും സമർപ്പിച്ചിട്ടുള്ള മൂന്നു റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ ഫലപ്രദമായി നടപടി സ്വീകരിക്കാനും, ഒരു ലക്ഷം രൂപ റിലീഫു് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ച അടിയന്തിരാശ്വാസം നൽകാനും ഗവണ്മെന്റു ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണു്. പുതിയ വ്യവസായ ബാധ്യതയെ സംബന്ധിച്ചിടത്തോളം റിപ്പോർട്ടിൽ ശുപാർശചെയ്തിട്ടുള്ള വ്യവസായങ്ങളും വളരെവേഗം നടപ്പാക്കുന്നതിനും ഗവണ്മെന്റു ശ്രദ്ധ പതിപ്പിക്കണം.

കയർ വ്യവസായത്തിന്റെ പുനഃസംഘടനയ്ക്കുവേണ്ടി കാര്യക്ഷമവും, സത്വരവുമായ നടപടി സ്വീകരിച്ചു്, ഈ സംസ്ഥാനത്തിനു വിദേശനാണ്യം സമ്പാദിക്കുന്ന കുത്തക വ്യവസായമായ കയർവ്യവസായത്തിനു മുൻഗണന നൽകി, അതിന്റെ ഭാവി സുരക്ഷിതമാക്കിത്തീർക്കാൻ, അങ്ങനെ ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ജീവസന്ധാരണത്തിനു വഴിയുണ്ടാക്കാൻ ഗവണ്മെന്റു തയ്യാറാകണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുകയാണു്.

ശ്രീ. എം. കൃഷ്ണൻ : സർ, വടകര മുനിസിപ്പൽ അതിർത്തിയിൽപെട്ട പുറങ്കര എന്ന സ്ഥലം വളരെയധികം ക്ഷാമബാധിത പ്രദേശമാണു്. അവിടെ അധികവും മത്സ്യത്തൊഴിലാളികളും, ചകിരിത്തൊഴിലാളികളുമാണുള്ളതു്. അവർക്കു വർഷത്തിൽ മുഴുവൻ കാലവും തൊഴിൽ കിട്ടാനുള്ള സാധ്യത ഇന്നില്ല. അതുമൂലം അവർ മിക്കവാറും തൊഴിലില്ലാത്ത ഒരു വർഗ്ഗമായി കഴിയുകയാണു്. മുടിരാശി ഗവണ്മെന്റു് 1956-ൽ ആ പ്രദേശത്തുള്ള ജനങ്ങളുടെ വിഷമംകണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. കൃഷ്ണൻ]

അവർക്ക് ജോലികിട്ടാനായി ഒരു റോഡുവെട്ടാൻ തീരുമാനിച്ചു. അവിടെ മത്സ്യം ധാരാളം ഉണ്ടാകുന്നുണ്ട്. ചകിരിപ്പണികളും ഉണ്ട്. മത്സ്യത്തൊഴിലാളികളും, ചകരിത്തൊഴിലാളികളും ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ റയിൽവേ സ്റ്റേഷനിലോ, പട്ടണത്തിലോ കൊണ്ടുപോകണമെങ്കിൽ തലച്ചുമടായിട്ടുവേണം കൊണ്ടുപോകാൻ. ഈ വിഷമം മനസ്സിലാക്കിയിട്ടാണ് അവിടെ ചങ്കും-അയിത്തല റോഡു വെട്ടാൻ തീരുമാനിച്ചത്. അതിന്റെ പ്രവർത്തനം വളരെ സാവധാനത്തിലാണ് മുമ്പോട്ടു പോയത്. അടുത്തകാലത്താണ് നടപടികൾ ആരംഭിച്ചത്. ഏകദേശം ഒന്നര ലക്ഷത്തോളം രൂപ സ്ഥലം അക്വയർ ചെയ്യുവാൻ വേണം, അരലക്ഷം രൂപ റോഡിനും വേണം. ആ റോഡു പണിതീർത്താൽ അവിടത്തെ മത്സ്യത്തൊഴിലാളികൾക്കും, ചകിരിത്തൊഴിലാളികൾക്കും അവരുടെ സാധനങ്ങൾ പട്ടണത്തിൽ കൊണ്ടുപോയി വിറ്റഴിക്കാൻ സാധിക്കും. വടകര മുനിസിപ്പാലിറ്റി ഈ ആവശ്യത്തിനു ഒരു തുക സംഭാവനചെയ്യാമെന്നു പറഞ്ഞിട്ടുണ്ട്. എത്രയും വേഗത്തിൽ ഈ പണി പൂർത്തിയാക്കാൻ ഗവണ്മെന്റു വേണ്ട നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വടകരയിൽ, സാൻബാങ്ക് എന്നൊരു ടൂറിസ്റ്റു കേന്ദ്രം ഉണ്ട്. ആ ടൂറിസ്റ്റുകേന്ദ്രം ഗവണ്മെന്റു് ഏറ്റെടുക്കണമെന്നു തീരുമാനിച്ചെങ്കിലും പിന്നീടു വേണ്ടെന്നുവച്ചു. ചങ്കും-അയിത്തല റോഡു പൂർത്തിയായാൽ വടകര ടൂറിസ്റ്റു കേന്ദ്രത്തിൽ പോകാൻ എളുപ്പമാണ്. ആളുകൾക്ക് അവിടെ വരണമെങ്കിൽ ഇപ്പോൾ ബോട്ടുവഴി യാത്രചെയ്യണം. ചങ്കും-അയിത്തല റോഡിന്റെ പണി വേഗം തീർത്താൽ ഈ ആവശ്യം നിറവേറ്റാൻ സാധിക്കും.

കൊയിലാണ്ടിയിൽ പയ്യോളി റോഡു പണി കുറെ തീർത്തു പൂർത്തിയാക്കാതെ ഇട്ടിരിക്കുകയാണ്, രണ്ടുമൂന്നു കൊല്ലമായി റോഡിന്റെ പണി തുടങ്ങിയിട്ട്. ഒരു കോൺട്രാക്ടർ പണി പൂർത്തിയായിട്ടുണ്ട്. ഇത്തരം കാര്യങ്ങൾക്ക് ഈ പണം ഉപയോഗിക്കണമെന്നും, റോഡുപണി പൂർത്തിയാക്കി മറ്റു സൗകര്യങ്ങൾ ഉണ്ടാക്കി, പുറകുരയെ സംബന്ധിച്ചിടത്തോളം ഇന്നുള്ള ദുരിതങ്ങൾക്ക് ഒട്ടെങ്കിലും ആശ്വാസം നൽകണമെന്നും വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. എം. കുട്ടി : സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഡിമാൻറിനെ ഞാൻ എതിർക്കുകയാണ്. ഇങ്ങനെയൊരു ഫാമിൻ റിലീഫ് ഫണ്ട് ഗവണ്മെന്റിന്റെ കൈവശം ഉണ്ടെങ്കിലും ആക്കാണ് അതിന്റെ ഫലം കിട്ടുന്നത്, ആക്കാണ് അതു അനുഭവയോഗ്യമായി കിട്ടുന്നത് എന്നുള്ള കാര്യം നാം ചിന്തിക്കണം. ഇതിനെപ്പറ്റി പറയുമ്പോൾ വളരെയധികം അർഹരായ ആളുകൾക്ക് അതു അനുഭവിക്കുവാൻ കഴിയുന്നില്ല എന്നുള്ള പരമാർത്ഥം വിസ്മരിക്കുവാൻ നിവൃത്തിയില്ല. ഞങ്ങളുടെ പ്രദേശം വളരെ പിന്നാക്കം നിൽക്കുന്ന പ്രദേശമാണ്. വളരെയധികം മത്സ്യത്തൊഴിലാളികൾ തിങ്ങിവസിക്കുന്ന ഒരു പ്രദേശമാണ്. ധാരാളം മത്സ്യത്തൊഴിലാളികളുടെ വേണങ്ങൾ അവിടെ കാണാൻ കഴിയും. ഇപ്പോഴത്തെ മുഖ്യമന്ത്രി ഒരിക്കൽ അവിടെവന്ന് അവിടുള്ള-ആളുകളെ കണ്ടിട്ടുണ്ട്. അദ്ദേഹം തിരഞ്ഞെടുപ്പു പ്രചരണാർത്ഥം അവിടെ വന്നപ്പോൾ അവിടുള്ള ജനങ്ങളോട് പറയുകയുണ്ടായി, ഞാൻ ഇപ്പോൾ ഡെപ്യൂട്ടി മുഖ്യമന്ത്രിയാണ്, നിങ്ങൾക്ക് എന്തു അവശതകളും ഉണ്ടെങ്കിൽ അറിയിക്കണമെന്നു്. ഇന്നു് അദ്ദേഹം മുഖ്യമന്ത്രിതന്നെ ആയിരിക്കുകയാണ്. അവരുടെ അവശതകൾ വന്നു് അദ്ദേഹത്തോട് പറയുവാൻ അവിടെനിന്നും തിരഞ്ഞെടുത്തു് ഇങ്ങോട്ടയച്ചിരിക്കുന്ന എന്നെ ഭരമേൽപ്പിച്ചിരിക്കുകയാണ്. ഇന്നയവസരത്തിൽ രണ്ടുമൂന്നു കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുവാൻ ഞാനാഗ്രഹിക്കുകയാണ്. ആ പ്രദേശങ്ങളിൽ കൂടുതൽ ക്ഷാമം ഉണ്ടാകാറുണ്ട്, അവിടുള്ള ജനങ്ങളെല്ലാം മത്സ്യത്തെ ആശ്രയിച്ചുമാത്രമാണ് ജീവി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത്. പലപ്പോഴും മത്സ്യം കിട്ടിയില്ല എന്നു വരും. മഴക്കാലങ്ങളിൽ പല പ്പോഴും അങ്ങനെ സംഭവിക്കാറുണ്ടെങ്കിലും ഈ കൊല്ലം വേനൽക്കാലത്തും മത്സ്യം കിട്ടാതെ അവിടത്തെ ജനങ്ങൾ കഷ്ടപ്പെടുകയാണു്. ജില്ലാ കളക്ടറോടു് ഇതേസംബന്ധിച്ചു നിവേദനം ഞാൻ നടത്തിയിട്ടുണ്ടു്. എന്നാൽ ഇതുവരെ അവർക്കു് എന്തെങ്കിലും ഒരുആശ്വാസം ചെയ്തു കൊടുത്തിട്ടില്ല. അവർക്കു തൊഴിൽ കൊടുക്കുകയോ, കഞ്ഞികൊടുക്കുകയോ, പണം നൽകുകയോ ചെയ്തിട്ടില്ല. തൊഴിലുകൾ നഷ്ടപ്പെട്ട പല കുടുംബങ്ങളും പട്ടിണിയിൽ മുഴുകിയിട്ടുണ്ടു്. അങ്ങനെയുള്ളവർക്കുവേണ്ടി നേരെ ഈ ഫാമിൻ റിലീഫ് ഫണ്ടു് വിനിയോഗിക്കണമെന്നു ഞാൻ മുഖ്യമന്ത്രിയോടപേക്ഷിക്കുകയാണു്.

മറെറാന്നു്, ഞങ്ങളുടെ നാട്ടിൽ വളരെയധികം തീ പിടിത്തങ്ങൾ ഉണ്ടാകാറുണ്ടു്. അങ്ങനെ തീ പിടിത്തം ഉണ്ടാകുന്ന വീടുകളിൽ താമസിക്കുന്ന ആളുകൾ വളരെ സാധുക്കളാണു്. തീപിടിത്തം ഉണ്ടാകുന്ന വീടുകളിൽ താമസിക്കുന്ന ആളുകൾക്കു ഈ ദുരിതാശ്വാസ ഫണ്ടു് വിനിയോഗിക്കണം. ഒരു മത്സ്യത്തൊഴിലാളിയുടെ ജീവിതമാർഗ്ഗത്തിനു ഏകാവലംബമായ തോണി ഒരു അപകടത്തിൽപ്പെട്ടു നഷ്ടപ്പെടുകയുണ്ടായി. മറെറാരു തോണിയുണ്ടാക്കുവാൻ എന്തെങ്കിലും സഹായധനം കൊടുക്കണമെന്നപേക്ഷിച്ചുകൊണ്ടു് ആ തൊഴിലാളി ജില്ലാകളക്ടറുടെ ഹർജികൊടുത്തിട്ടു ഒരു മറുപടിപോലും കൊടുത്തിട്ടില്ല. ഇന്നും തോണിയുണ്ടാക്കുവാൻ മറെറാരു മാർഗ്ഗമൊന്നുമില്ലാതെ അയാൾ കഷ്ടപ്പെടുകയാണു്. ടിപ്പു സുൽത്താൻ റോഡു എന്ന പേരിൽ മലബാറിൽ ഒരു റോഡു് ഉണ്ടു്. ഗതാഗതസൗകര്യം ഒട്ടുമില്ലാത്ത ഒരു റോഡായിരുന്നു അതു്. കമ്മ്യൂണിസ്റ്റു ഗവണ്മെൻറിന്റെ കാലത്തു ഈ റോഡു നന്നാക്കുന്നതിനുള്ള ഒരു പരിശ്രമം ഉണ്ടായിരുന്നു. ആ ഗവണ്മെൻറു മാറി കാൺഗ്രസ് ഗവണ്മെൻറു വന്നു, കൊല്ലവും ഇത്രയുമായി. ഇതേവരെ ആ റോഡിന്റെ രണ്ടുനാഴികയ്ക്കപ്പുറം പണിചെയ്യുവാൻ കഴിഞ്ഞിട്ടില്ല. പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിന്റെ കൈമതലയിലുള്ള റോഡാണു് അതെന്നായിരുന്നു ഞങ്ങൾ ആദ്യം വിചാരിച്ചിരുന്നതു്. ബഹുമാനപ്പെട്ട മന്ത്രിയോടു ഒരു ചോദ്യം മുഖേന ചോദിച്ചപ്പോഴാണു് ആ റോഡു് പി. ഡബ്ലിയു. ഡി,യുടെ അഡ്മിനിസ്ട്രേറീവ് സാംഗ്ഷൻ ഇല്ലാത്ത റോഡാണെന്നു മനസ്സിലായതു്, അതു മുഴുവനും ഫാമിൻ റിലീഫ് ഫണ്ടിൽനിന്നും ചെയ്തിട്ടുള്ളതാണു്, രണ്ടു നാഴിക റോഡു ഉണ്ടാക്കിയതിൽ തന്നെ പല ദോഷവും ഇടിഞ്ഞു പൊളിഞ്ഞിരിക്കുകയാണു്, രണ്ടു നാഴിക റോഡാക്കാതിരുന്നെങ്കിലും മതിയായിരുന്നു. വെറും പൂഴിയിൽകൂടി നടന്നുപോകുന്നതിനു ഇത്രയും ബുദ്ധിമുട്ടില്ല. ഇപ്പോൾ ഇടിഞ്ഞു പൊളിഞ്ഞു പോയതുകൊണ്ടു് കല്ലും മറും പൊങ്ങിയിട്ടുള്ളതുകൊണ്ടു് അതുവഴി യാത്രചെയ്യുന്നതിനു സ്ത്രീകളും കുട്ടികളും ബുദ്ധിമുട്ടുന്നുണ്ടു്. രാത്രിയിൽ വെളിച്ചവും ഇല്ല. ഇങ്ങനെയാണു് ഫാമിൻ റിലീഫ് ഫണ്ടു് ഉപയോഗിക്കുന്നതെങ്കിൽ അതു് കഷ്ടമാണു് ഈ ഈമാതിരി സ്ഥലങ്ങളിലാണു് ഉപയോഗപ്പെടുത്തേണ്ടതെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. അതിനു തയാറാണെങ്കിൽ എത്ര ലക്ഷം രൂപയും പാസ്സാക്കിത്തരുന്നതിനു ഞങ്ങൾക്കു യാതൊരു മടിയുമില്ല. ഞാൻ മുമ്പു പറഞ്ഞ ക്ഷാമബാധിതപ്രദേശങ്ങൾക്കു ധനസഹായം ചെയ്യുന്നതിലും റോഡു നന്നാക്കുന്ന കാര്യത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നുകൂടി ശ്രദ്ധിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണു്.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : ഈ ഡിമാൻഡിനെ എതിർത്തുകൊണ്ടു് ശ്രീമാൻ കുമാരൻ പ്രസംഗിച്ചതിന്റെസാരം ഈ തുക വളരെ അപര്യാപ്തമാണു്, അതുകൊണ്ടു് ഇതുസംബന്ധിച്ചു കൂടുതൽ തുക ചോദിക്കണം എന്നാണു്. ഇതു കേട്ടിട്ടു അനുകൂലിക്കുകയാണോ, പ്രതികൂലിക്കുകയാണോ എന്നു നിശ്ചയമുണ്ടായിരുന്നില്ല. എങ്കിലും അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ശ്രദ്ധാർഹങ്ങളാണു്. ഈ സംസ്ഥാനത്തു ഫാമിൻ റിലീഫു് വർക്കുകൾ ഇടക്കിടയ്ക്കു് നടത്തേണ്ടിവരുന്ന പലപ്രദേശങ്ങളും ഉണ്ടു്. ആ കൂട്ടത്തിൽ അമ്പലപ്പുഴ ചേർത്തല താലൂക്കുകളും ഒട്ടു പ്രധാനവുമാണു്. അവിടെ കയർവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

ആളുകളുടെ ഇടയിൽ വളരെയേറെ തൊഴിലില്ലായ്മ ഉണ്ടായിട്ടുണ്ടെന്നു പറയുന്നതു ശരിയാണു്. ഗവണ്മെൻറിനു ആ കാര്യം ബോദ്ധ്യമുണ്ടു്. ഇതിനുമുമ്പു തന്നെ കുറെ റിലീഫ് പ്രവർത്തനങ്ങളും ആ പ്രദേശത്തു നടത്തിവന്നിരുന്നു അവ മുഴുവനാകാതെ അവയിൽ ഒരു ഭാഗം ഇപ്പോൾ സ്പിൽഓവൽ വർക്കായി നടത്തിക്കൊണ്ടിരിക്കുകയാണു്. ഞാൻ ഇപ്രകാരമുള്ള ചില വർക്കുകളെപ്പറ്റി പരിശോധിച്ചപ്പോൾ അവയിൽ അധികവും അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലാണെന്നു കാണാൻ കഴിഞ്ഞു. ഏതാണ്ടു് ഇതേ സ്വഭാവമുള്ള പ്രദേശങ്ങളും കേരളത്തിൽ വേറെയുണ്ടെങ്കിലും അമ്പലപ്പുഴ ചേർത്തലതാലൂക്കുകളിലാണു് കൂടുതൽ ശ്രദ്ധ പതിച്ചിട്ടുള്ളതെന്നു പറയുന്നതിൽ വലിയതെറ്റില്ല. ചിലവർക്കുകൾ ഞാൻ ഇവിടെ പറയാം: (1) ആറാട്ടുപടിറോഡ്—ഇതു അത്തുക്കുറ്റി ആശുപത്രി പാലംവഴി ചേർത്തലയ്ക്കുവരുന്ന റോഡാണു്; (2) പെങ്ങണ്ട—തുച്ചാറ്റുകുളങ്ങര; (3) മുട്ടത്തങ്ങാടി—തിരുപ്പുഴ റോഡു്; (4) കെ. എം പി. റോഡു്. അതായതു് കുഞ്ഞിത്തായി മുതൽ കുന്നു-പട്ടണക്കാടു് റോഡു്. ഈ നാലു റോഡുകളും അമ്പലപ്പുഴ ചേർത്തല താലൂക്കുകളിലാണെന്നു കാണാൻ കഴിയും.

ശ്രീമതി കെ. ആർ. ഗൗരി: ഇതിൽ പല വർക്കുകളും തുടങ്ങിയിട്ടു മൂന്നും നാലും വർഷങ്ങളായതാണല്ലോ?

ശ്രീ. ആർ. ശങ്കർ: വർക്കു ഇപ്പോഴും ചെയ്തു ചെയ്തുകൊണ്ടിരിക്കുകയാണു്. ആ പ്രദേശത്തു ഒട്ടേറെ റിലീഫ് വർക്കുകൾ നടത്തുന്നുണ്ടു്. അവിടുള്ള ആളുകൾക്കു അത്രയും തൊഴിൽകൊടുക്കത്തക്കവിധം അത്ര വലിയ തോതിലുള്ളവയാണെന്നു എനിക്കഭിപ്രായമില്ല. എങ്കിലും കുറെ ആശ്വാസം അവിടെയുള്ള ആളുകൾക്കു ഉണ്ടാകാൻ ഇടയുള്ള രീതിയിലാണു് ചെയ്യുന്നതു്. കുറച്ചുകൂടി മറ്റു പുതിയ വർക്കുകൾ എടുത്തിട്ടുണ്ടു്. അതു എട്ടെണ്ണമുള്ളതിൽ രണ്ടെണ്ണവും ഈ താലൂക്കുകളിലാണു്. ആലപ്പുഴ—തണ്ണീർമുക്കം റോഡു്, അർത്തുങ്കൽ—അംഗാരടി റോഡു്. ബാക്കിയുള്ളതെല്ലാം മറ്റു സംസ്ഥാനങ്ങളിലാണു്. വടകരയിൽ എന്തെങ്കിലും വർക്കുകൾ നൽകിയിട്ടുണ്ടോ എന്നുള്ളതു കൈവശമുള്ള കണക്കുകളിൽനിന്നും കാണുന്നില്ല. ക്ഷാമം ഉണ്ടാകുന്ന കാലങ്ങളിൽ പരിഹാരത്തിനു സ്വീകരിക്കുന്ന പല പ്രവർത്തനങ്ങളിൽ ഒന്നാണു് ഇത്തരത്തിലുള്ള റിലീഫ് വർക്കുകൾ. ക്ഷാമം പരിഹരിക്കുന്നതിനു എല്ലായ്പ്പോഴും ആവശ്യമുള്ളിടത്തോളം റിലീഫ് വർക്കുകൾ സംഘടിപ്പിക്കുവാൻ പ്രയാസമാണു്. റിലീഫ് വർക്കുകൾക്കുവേണ്ടി ഉപയോഗിക്കുന്നപണം പിന്നീടു സംസ്ഥാനത്തിനു പ്രയോജനകരമായിരിക്കണമെന്നും ഉദ്ദേശമുണ്ടു് കൂടാതെ ജോലി ഉണ്ടാക്കുവാൻ വേണ്ടിമാത്രം റിലീഫ് വർക്കുകൾ സംഘടിപ്പിക്കുക എളുപ്പവുമല്ല. ഈ സംസ്ഥാനത്തു ഒരളവിൽ അതു നടത്തുന്നുണ്ടു്. ഇപ്പോൾ നടന്നുവരുന്ന സ്പിൽഓവർ വർക്കുകൾക്കു പുറമേ കുറെ പുതിയ വർക്കുകൾകൂടി എടുക്കുന്നതിനു ആവശ്യമായ തുക ഡിപ്പാർട്ടുമെൻറിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ടു്. അതു മുഴുവൻ അനുവദിക്കുവാൻ പറ്റുകയില്ല എങ്കിലും ഈ ആണ്ടിൽ ഇനിയുള്ള ഒരുമാസംകൊണ്ടു് കുറച്ചുകൂടി ചെലവാക്കാം എന്നു കണക്കാക്കിയാണു് ഇപ്പോൾ ഒരുലക്ഷംരൂപ ഈ ആവശ്യത്തിലേയ്ക്കു വേണമെന്നു ഡിമാൻഡു കൊണ്ടുവന്നിരിക്കുന്നതു്. ഈ തുക ഈ ആണ്ടിൽതന്നെ ചെലവാക്കുവാനും കഴിയും. കൂടുതൽ എന്തെങ്കിലും ചെലവാക്കുവാൻ സാധിക്കുമോ എന്നുള്ള കാര്യം ഇപ്പോഴും സംശയമാണു്. എവിടെയെങ്കിലും വേണമെങ്കിലും മറ്റു വല്ലതിൽനിന്നും ഡൈവർട്ടു ചെയ്തു ചെയ്യാമോയെന്നു നോക്കാവുന്നതാണു്.

ശ്രീ. ഈ. പി. ഗോപാലൻ: ഒരോവർഷവും ഇങ്ങനെ റിലീഫ്വർക്കുകൾ നടത്തുമ്പോൾ അതുകൊണ്ടു റോഡാണെങ്കിലും മറ്റുള്ള വർക്കുകളാണെങ്കിലും ഗുണമുണ്ടായിരിക്കണമെന്നുള്ള ഉദ്ദേശത്തിൽ ചെയ്യണം. ഉദാഹരണമായി പൊന്നാനിതാലൂക്കിലുള്ള ടിപ്പു സുൽത്താൻ റോഡിൻറെ പണി. ഓരോ കൊല്ലവും കുറച്ചുതുക ചെലവാക്കും. അടുത്തകൊല്ലമാകുമ്പോൾ ചെലവായ തുകയുമില്ല, പണിയുമില്ല. ഈ അബദ്ധം വരാതിരിക്കുവാൻ പ്ലാൻചെയ്തു പണി നടത്തുന്നതിനു തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : ചില കാര്യങ്ങളിൽ അങ്ങനെ വന്നിട്ടുണ്ടെന്നുള്ളതു ഗവണ്മെൻറിനറിയാം. ഒരിക്കൽ ചെയ്യുന്ന റിലീഫ് വർക്കുകൾ പിന്നീടു് ശ്രദ്ധിക്കാത്തതുമൂലം ചെയ്ത ജോലിപോലും പ്രയോജനപ്പെടാതെ പോകുന്നുണ്ടു്. റോഡുകളിൽ മണ്ണു് ഇടുക, ഗ്രാവൽചെയ്യുക തുടങ്ങിയ ജോലികൾ ചെയ്താൽ അടുത്ത മഴവരുമ്പോഴേക്കും അതെല്ലാം ഒലിച്ചുപോകുകയും അടുത്തകൊല്ലം വീണ്ടും അവിടെത്തന്നെ റിലീഫ് വർക്കുകൾ ആരംഭിക്കുകയും ഒക്കെചെയ്യിട്ടുണ്ടു്. അതിനൊരു ഉദാഹരണമാണു് ആലുപ്പുഴ—ചേർത്തലതോടു്. എത്രയോ വർഷമായി ഈ തോടുവെട്ടിൻെറ പണി ആരംഭിച്ചിട്ടു്. ഇതുവരെ അതു മുഴുവനാക്കിയിട്ടില്ല. അധികഭാഗവും വെട്ടിയിട്ടുള്ളതു ഇന്നു പ്രയോജനരഹിതമായി കിടക്കുകയുമാണു്. ഈ മാതിരി അനാവശ്യം മേലാൽ ഉണ്ടാകാതിരിക്കുവാൻ ഗവണ്മെൻറു നോക്കാം. എത്രയും വേഗം ഇതിൻെറ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുവരുവാൻ ഈ തുക അനുവദിച്ചു തരണമെന്നു ഞാൻ അപേക്ഷിക്കുകയാണു്.

The question that a supplementary sum not exceeding Rs. 1,00,000 be granted under Demand XXXVI—Famine, was put and carried.

The grant was made.

Demand No. LV—Loans and Advances by the Government

Chief Minister (**Shri R. Sankar**): Sir, I move that a supplementary sum not exceeding Rs. 1,04,47,600 be granted under Demand LV—Loans and Advances by the Government.

Minister for Harijan Welfare (**Shri K. Kunhambu**): Sir, I second it.

ശ്രീ. ആർ. കൃഷ്ണൻ : സർ, ഞാൻ ഈ ഡിമാൻഡിനെ എതിർക്കുകയാണു്. പരാജയപ്പെട്ടു കഴിഞ്ഞുവെന്നു വിശ്വസിക്കാവുന്ന സർക്കാനിയന്ത്രണച്ചട്ടത്തിൻെറ ഫലമായിട്ടു് അനവധി ലക്ഷം ജീവനുള്ള രക്തസാക്ഷികളെന്ന നിലയിൽ തൊഴിൽചെയ്യാൻ തയാറാണെങ്കിലും തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്ന സാണ്ണത്തൊഴിലാളികളെ സഹായിക്കാൻവേണ്ടി ഒരു തുച്ഛമായ സംഖ്യ ഈ ഡിമാൻറിൻെറ ഒരു ഭാഗമായി നീക്കിവെച്ചിട്ടുണ്ടു്. ഇതുവരെ അവർക്കുവേണ്ടി നീക്കിവച്ചിട്ടുള്ള തുകകളൊന്നും തന്നെ അവർക്കുവേണ്ടി വിനിയോഗിച്ചിട്ടില്ല. അങ്ങനെ നീക്കിവെച്ചിട്ടുള്ള തുകകൊണ്ടു് എത്രപേർക്കു് ഗുണം കിട്ടിയെന്നു് പരിശോധിച്ചാൽ, അതു് കടലാസിൽ മാത്രം അവശേഷിച്ചുവെന്നും കാണാൻ കഴിയും. സാണ്ണത്തൊഴിലാളികളെ സഹായിക്കാൻ ഗവണ്മെൻറു് കാര്യമായി പ്രവർത്തിക്കുന്നുണ്ടല്ലോ എന്നു സായം ആശിക്കാം. എന്നാൽ അവരെ സംബന്ധിച്ചിടത്തോളം ഇതൊന്നുംതന്നെ അനുഭവത്തിൽ വരുന്നില്ലെന്നു മാത്രമല്ല, പതിനായിരക്കണക്കിനുള്ള കുടുംബങ്ങൾ ഇതു് കിട്ടുമെന്നു് സ്വപ്നം അയവിറക്കികൊണ്ടു് ഇന്നു് പട്ടിണികിടക്കുന്ന നിലപാടാണുള്ളതു്. സാണ്ണത്തൊഴിലാളികളുടെ പരാധീനതകൾ നാടു മുഴുവൻ അലയടിച്ചതിൻെറ ഫലമായിട്ടു്, പഴയസാണ്ണാഭരണങ്ങൾ പുതുക്കിപ്പണിയാനുള്ള അനുവാദം കൊടുക്കുകയും അതിനാവശ്യമായ ലൈസൻസു കൊടുക്കുകയും ചെയ്തിട്ടുണ്ടു്. അങ്ങനെ ലൈസൻസു് കിട്ടിയ സാണ്ണത്തൊഴിലാളികളെക്കൊണ്ടു് പഴയ ആഭരണങ്ങൾ പുതുക്കിപ്പണിയിക്കാൻ ആരും തയാറാകുന്നില്ല. അതിനു കാരണമുണ്ടു്. ഏതെങ്കിലും ആഭരണം പുതുക്കിപ്പണിയാൻ കൊടുത്താൽ, അതിൻെറകൂടെ വേറെ ഏതെങ്കിലും സാണ്ണംകൂടി ചേർത്തു് പണിതാൽ, കള്ളസാർണ്ണം ചേർത്തു് പണിതാൽ, കള്ളസാർണ്ണം കണ്ടെടുക്കാൻ പോലീസ് വന്നു് എല്ലാംകൂടി എടുത്തുകൊണ്ടുപോകുമെന്നു് ഭയന്നാണു് ആരും പഴയ ആഭരണം പുതുക്കിപ്പണിയാൻ കൊടുക്കാത്തതു്. പതിനാലു ക്യാരറു സാർണ്ണമാണെങ്കിൽ അതു് അവരുടെ ആവശ്യത്തിനു് കിട്ടുന്നതുമില്ല. അതു് സപ്ലൈ ചെയ്യാൻ ഗവണ്മെൻറിനു്

LIBRARY ARCHIVES Kerala Legislative Assembly